ഉത്തരം

(എ) 2001-ൽ പ്രീഡിഗ്രി പൂർണ്ണമായും വേർപ്പെടുത്തി.

(ബി) പ്രീഡിഗ്രി വേർപ്പെടുത്തൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അനദ്ധ്യാപക തസ്തികകൾക്ക് മാറ്റം വരുത്തിയിട്ടില്ല. പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുനർ നിർണ്ണയം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ അധികമായി കണ്ടെത്തിയ തസ്തികകൾ സൂപ്പർന്യൂമററി ആയി പരിഗണിക്കാനും, പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരെ പ്രമോഷൻ അഥവാ റിട്ടയർമെന്റ് വരെ തുടരാനും അനുവദിച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച പരാതികൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം പബ്ലിക് ലൈബ്രറി ദേശീയ നിലവാരമുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ നടപടി

73 [2294] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കുട്ടികളുടെ ലൈബ്രറി എന്നേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലൈബ്രറിയെ ദേശീയനിലവാരമുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ആരംഭിക്കുന്ന കുട്ടികളുടെ ലൈബ്രറിയുടെ ഉദ്ഘാടനം 18-3-2005-ന് വൈകുന്നേരം 4 മണിക്ക് നടത്താനും തുടർന്ന് പ്രവർത്തനം ആരംഭിക്കാനും തീരുമാനിച്ചിരിക്കുന്നു.

(ബി) സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly